Draft #172 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2026 01:35 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സംഗ്രഹം

ഭരണകാര്യം: ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ) -യ്ക്ക് ചുമതല - നിർണയിച്ച് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 1 സെക്ഷൻ

നമ്പർ. 169/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.01.2026

പരാമർശം:-1. സർവ്വകലാശാല ഉത്തരവ് നമ്പർ: 12017/AD A1/2025/എം.ജി.യു., തീയതി: 31.12.2025.
2. പരീക്ഷാ കൺട്രോളറുടെ 01.01.2026 തീയതിയിലെ സി.ഇ. 501/01/2026 നമ്പർ കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

ഉത്തരവ്

പരാമർശം (1) പ്രകാരം വൈസ് ചാൻസലറുടെ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ & APS to VC (പരീക്ഷ) തസ്തിക പരീക്ഷാ വിഭാഗത്തിലേക്ക് മാറ്റിക്കൊണ്ട്, ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ) എന്ന തസ്തിക രൂപീകരിക്കുകയും പ്രസ്തുത ഡെപ്യൂട്ടി രജിസ്ട്രാർക്ക് ജോലികൾ നിർണയിച്ച് നൽകുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം താഴെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കികൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഡെപ്യൂട്ടി രജിസ്ട്രാർ 8 (പരീക്ഷ) -യുടെ ചുമതലയിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർ 10 (പരീക്ഷ), ഡെപ്യൂട്ടി രജിസ്ട്രാർ 3 (പരീക്ഷ) -യുടെ ചുമതലയിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർ 25 (പരീക്ഷ) എന്നിവരുടെ മേൽനോട്ട ചുമതല ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ) -യ്ക്ക് നൽകുന്നു. പ്രസ്തുത അസിസ്റ്റന്റ് രജിസ്ട്രാർമാരെ ജോയിന്റ് രജിസ്ട്രാർ 3 (പരീക്ഷ) -യുടെ കീഴിൽ നിലനിർത്തുന്നു.
2. ഡെപ്യൂട്ടി രജിസ്ട്രാർ 5 (പരീക്ഷ) -യുടെ ചുമതലയിലുണ്ടായിരുന്ന അസിസ്റ്റന്റ് രജിസ്ട്രാർ 24 (പരീക്ഷ) -യുടെ മേൽനോട്ട ചുമതല ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ) -യ്ക്ക് നൽകിക്കൊണ്ട് പ്രസ്തുത അസിസ്റ്റന്റ് രജിസ്ട്രാറെ ജോയിന്റ് രജിസ്ട്രാർ 4 (പരീക്ഷ) -യുടെ കീഴിൽ നിലനിർത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ.
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/പരീക്ഷ/അക്കാദമികം)
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി. സർവ്വകലാശാല
6. എഫ്.സി.സി./എ.ഡി.സി. 4/5/ഐ.ടി.സെൽ 1/2/3
7. പി. ആർ. ഒ /ഐ.ക്യു.എ.സി./യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ